ശാസ്ത്രസാഹിത്യം

★

നരേന്ദ്രനാഥ്

സാധാരണക്കാരായ വായനക്കാർ വെറും വിനോദത്തിനുവേണ്ടി മാത്രമാണ് വായിക്കുന്നതെന്നുള്ള വാദഗതിക്ക് ഇന്ന് മാററം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് വിചാരിക്കുന്നതിൽ തെററില്ല. അടുത്തകാലത്തു മലയാളത്തിൽ ഗൗരവമുള്ള വിഷയങ്ങൾ കൈകാര്യംചെയ്യുന്ന ഗ്രന്ഥങ്ങളുടെ എണ്ണം താരതമ്യേന വർദ്ധിച്ചിട്ടുണ്ട്, അവ നല്ലതുപോലെ വിററഴിയുന്നുമുണ്ട്. വിററഴിയുകയെന്നു പറഞ്ഞാൽ പൊതുജനമദ്ധ്യത്തിൽ പ്രചരിക്കുകയെന്നാണല്ലോ. സമയം കൊല്ലുവാനായിട്ടുള്ള പുസ്തകങ്ങളെ അപേക്ഷിച്ച് ഗൗരവമേറിയ കാര്യങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ സാമാന്യജനങ്ങളുടെ ഇടയിൽ കൂടുതൽ കൂടുതൽ പ്രചരിക്കേണ്ടതു് അത്യാവശ്യമാണ്. ശാസ്ത്രം പരിവർത്തനപ്പെടുത്തിയിരിക്കുന്ന ചുററുപാടുകളെ സംബന്ധിച്ചുള്ള ബോധം സുഖമായ ജീവിതാസൂത്രണത്തിനാവശ്യമാണല്ലോ. ഇതിന്ന് സഹായിക്കുവാൻ സാധിക്കുന്ന പ്രയത്നങ്ങൾ സ്വാഗതാർഹങ്ങളാണ്.

'സയൻസിന്റെ സന്ദേശം' എന്ന കൊച്ചുപുസ്തകത്തിൽ ശ്രീ. ഭാസ്കരപ്പണിക്കർ സയൻസിന്റെ പ്രവർത്തനരീതി, സയൻസും വേദാന്തവും ജോതിർമ്മണ്ഡലം, ഭൂമിക്കുള്ളിലേക്ക് ഒരു യാത്ര, പ്രവർത്തനശക്തി, ചൂടും തണുപ്പും, ജീവശാസ്ത്രത്തിന്റെ പിതാമഹന്മാർ എന്നിങ്ങനെ ഏഴു കാര്യങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളതു്. സാധാരണക്കാരുടെ ജിജ്ഞാസയെ തട്ടിയുണർത്തുവാൻ ഉപകരിക്കുന്ന വിധത്തിലാണ് ഇവയോരോന്നും കൈകാര്യം ചെയ്തിട്ടുള്ളതു്. സയൻസും വേദാന്തവും എന്ന ലേഖനംതന്നെ ഇതിന്നു് ഉദാഹരണമാണ്. ആധുനികശാസ്ത്രം നൽകുന്ന അറിവിന്റെ വെളിച്ചത്തിൽ കണ്ടുകിട്ടുന്ന സത്യങ്ങളും വേദാന്തചിന്താഗതിയനുസരിച്ച് ആചാര്യന്മാർ ആവിഷ്കരിച്ചിട്ടുള്ള ആശയങ്ങളും ശ്രീ. പണിക്കർ പറയുന്നതുപോലെ പരസ്പരവിരുദ്ധങ്ങളായിട്ടാണിരിക്കുന്നതെന്ന് വിശ്വസിക്കാനല്ല ഇന്നു സാധിക്കുന്നതു്. ഹൈന്ദവതത്വചിന്തകളുടെ പ്രതിധ്വനികളാണ് ആധുനികശാസ്ത്രമേഖലകളിൽ കേൾക്കാറുള്ളതു്. അന്ധവിശ്വാസങ്ങളെ പുലർത്തുവാനാണ് വേദാന്തം ശ്രമിക്കുന്നതെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നതും ആരും അംഗീകരിക്കുമെന്ന് തോന്നുന്നില്ല. ജോതിർമ്മണ്ഡലം എന്ന ലേഖനത്തിൽ ഗ്രഹങ്ങളെപ്പററി മലയാളത്തിൻ പറയാവുന്ന പേരുകൾ അങ്ങിനെ ചെയ്യാമായിരുന്നെന്നു തോന്നി. കുജനെ (അഥവാ ചൊവ്വ) മാർസ് വ്യാഴത്തിനെ ജൂപ്പിററർ, ശനിയെ സാറേറൺ എന്നൊന്നും പറയേണ്ട കാര്യമില്ല. ഇവയുടെ മലയാളം സാധാരണക്കാർക്ക് നല്ല പരിചയമാണല്ലോ.

'ആധുനികശാസ്ത്രം' ശാസ്ത്രവിഷയങ്ങൾ പ്രതിപാദിച്ചിട്ടുള്ള ലേഖനസമാഹാരമാണ്. "ശാസ്ത്രസാഹിത്യശാഖയ്ക്ക് മുതൽക്കൂട്ടുകയും, ഒരു പ്ലാനനുസരിച്ച് ഗ്രന്ഥങ്ങളും ലേഖനങ്ങളും മററും തയ്യാറാക്കുകയും" ചെയ്യുന്നതിന് വേണ്ടി സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന ശാസ്ത്രസാഹിത്യസമിതിക്കാരുടെ ആദ്യത്തെ പ്രസിദ്ധീകരണമാണ്. ഈ സദുദ്ദേശത്തെ ലാക്കാക്കി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സമിതിക്ക്

[1. **സയൻസിന്റെ സന്ദേശം** —പി. ടി. ഭാസ്കരപ്പണിക്കർ,
കറന്റ് ബുക്ക്സ്, തൃശ്ശൂർ. വില ഒന്നേകാൽ ഉറുപ്പിക.

2. **ആധുനികശാസ്ത്രം** —സമ്പാദകൻ ഒ. പി. നമ്പൂതിരിപ്പാട്ട്
സെക്രട്ടറി, ശാസ്ത്രസാഹിത്യസമിതി, ഒററപ്പാലം. വില ഒരുറുപ്പിക.

3. **രോഗാണുഗവേഷകന്മാർ** —മിസിസ് ഹെലൻതോമസ്
മംഗളോദയം, തൃശ്ശിവപേരൂർ. വില ഒന്നര ഉറുപ്പിക.

4. **നിങ്ങളുടെ കുട്ടി** —വി. സി. നാരായണൻ,
ഉദയാ പ്രസിദ്ധീകരണം, പാലക്കാട്ട്. വില ഒരു ഉറുപ്പിക.]

വിജയം നേരുവാൻ ശാസ്ത്രസാഹിത്യത്തിൽ താൽപര്യമുള്ളവർ തയ്യാറായിരിക്കുമെന്നു തീർച്ചതന്നെ. സാധാരണക്കാർക്കു മനസ്സിലാകുന്ന വിധത്തിലാണ് ഈ സമാഹാരത്തിന്റെ ലേഖനങ്ങളെല്ലാം രചിച്ചിട്ടുള്ളത്. ഒന്നാമത്തെ ലേഖനഗണിതവും ജ്യോതിശ്ശാസ്ത്രവും —ഇതിന് തെളിവാണ്. ഗോളഗണിതം സംബന്ധിച്ചുള്ള ഭാരതീയസിദ്ധാന്തവും ആധുനികഗ്രന്ഥങ്ങളിൽ ഉപയോഗിച്ചുകാണുന്ന പ്രധാന സൂത്രങ്ങളും തമ്മിൽ ഉള്ള ബന്ധം വിശദമാക്കുവാൻ ഇനിയത്തെ സമാഹാരത്തിൽ ശ്രീ. പി, കെ. കോരു തയ്യാറാകുമെന്ന് വിശ്വസിക്കാം. അത്യന്തം ആകർഷകമായവിധത്തിൽ ഇവ വിശദീകരിക്കുവാൻ അദ്ദേഹത്തിന് അനന്യസാധാരണമായ കഴിവുണ്ട്. ശാസ്ത്രസാഹിത്യസമിതിയുടെ ഇത്തരം പ്രസിദ്ധീകരണങ്ങൾക്ക് സാധാരണക്കാരായ വായനക്കാരും പണ്ഡിതന്മാരും ഒരുപോലെ സ്വാഗതം നൽകുമെന്നു് വിശ്വസിക്കാം.

മിസിസ് ഹെലൻ തോമസിന്റെ "രോഗാണുഗവേഷകന്മാർ" കൗതുകപൂർവം വായിച്ചുപോകാവുന്ന ഒരു ജീവിത കഥാസമാഹാരമാണ്. ഈ പുസ്തകത്തിൽ ല്യൂവെനൊക്, സ്പല്ലൻസാനി പാസ്ച്ചർ, റോബർട്ട്കോച്ച് എന്നീ നാലുപേരുടെ ഗവേഷണയത്നങ്ങളെ പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നു. ഇവരിൽ ഓരോരുത്തരും ശാസ്ത്രത്തിനുവേണ്ടി എത്രമാത്രം പ്രയത്നിച്ചിട്ടുണ്ടെന്നറിയുമ്പോൾ അവരുടെ പ്രയത്നഫലം അനുഭവിക്കുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള നമുക്കു എത്ര വലിയ കടപ്പാടാണ് അവരോടുള്ളതെന്നു് തെളിയും. ഇതിലെ ഭാഷ ലളിതമായിട്ടുള്ളതാണ്. ഉദ്ദേശിക്കുന്ന കാര്യങ്ങൾ തെളിച്ച് വെളിപ്പെടുത്തുവാൻ ഗ്രന്ഥകർത്രിക്ക് ഒരു വിഷമവുമില്ല. മൈക്രോസ്കോപ്പ് എന്നു് പറഞ്ഞിട്ടുള്ളതിനു് ഭൂതക്കണ്ണാടിയെന്നാക്കിയാലും ആശയത്തിനു കോട്ടം തട്ടാതെ കാര്യം പറയാമെന്നു തീർച്ച.

മനുഷ്യരാശിയുടെ ആവിർഭാവത്തോടൊത്തു തന്നെ അവരുടെ ശത്രുക്കളായ രോഗങ്ങളും ഉണ്ടായിട്ടുണ്ട്. മിക്ക രോഗങ്ങളും അണുക്കളുടെ ആക്രമണത്തിന്റെ അനന്തരഫലമാണെന്ന കാര്യം മനസ്സിലാക്കുന്നതിന് എത്ര ആയിരം സംവത്സരം വേണ്ടിവന്നു! രോഗഹേതുക്കൾ അണുക്കളാണെന്ന കാര്യം അറിവിൽവന്നിട്ട് മുന്നൂറുകൊല്ലത്തോളമേ ആയിട്ടുള്ളു. മന്ത്രവാദവും പൂജയും മററുംകൊണ്ട് രോഗങ്ങളെ തടയാനും ഭേദപ്പെടുത്താനും സാധിക്കുമെന്നു് വിശ്വസിച്ചു പ്രവർത്തിച്ചു വന്ന മനുഷ്യനെ തികച്ചും വ്യത്യസ്ഥമായ ഒരു ചിന്തയിലേക്ക് നയിക്കുന്നതിന് വളരെ പ്രയത്നം വേണ്ടിവന്നിട്ടുണ്ട്. ഇന്നും പഴയ വിശ്വാസാവശിഷ്ടങ്ങൾ മനുഷ്യന്റെ ചിന്താഗതികളിൽനിന്നു് തികച്ചും ഉള്ള മാററപ്പെട്ടിട്ടില്ല. ഇതിനുവേണ്ടി പ്രയത്നിച്ചിട്ടുള്ള ആദ്യകാലത്തെ നാലു പ്രധാനപ്പെട്ടവരുടെ കഥകളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഈ ചരിത്രത്തിന്റെ ഒരു തുടക്കംമാത്രമാണിതു്. ഇതു് തുടർന്നു് വൈദ്യശാസ്ത്രത്തിന്റെ വളർച്ചക്ക് സഹായിച്ചിട്ടുള്ള മററു ത്യാഗികളുടെ കഥയും പറയുന്നതിനു് ഗ്രന്ഥകർത്രി ശ്രമിക്കുമെന്നു വിശ്വസിക്കാം.

'നിങ്ങളുടെകുട്ടി' എന്ന പുസ്തകം ഒരു പ്രത്യേക വിഷയത്തെ പ്രധാനമായി ചർച്ച ചെയ്തിട്ടുള്ള ഒന്നാണ്. ഗർഭധാരണം മുതൽ ഒരു കുഞ്ഞിന്റെ ചരിത്രം ആരംഭിക്കുന്നു. അവിടംമുതൽ ഗ്രന്ഥകാരൻ പറഞ്ഞുതുടങ്ങുന്നുമുണ്ട്. ഗർഭകാലം, പ്രസവം, പ്രസവശുശ്രൂഷ, ശിശുവിന്റെ ആദ്യത്തെ മൂന്നുമാസം, എന്നിങ്ങനെയുള്ള കാര്യങ്ങൾ ഒന്നാം അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു, അടുത്ത അദ്ധ്യായങ്ങളിൽ ശിശുക്കളെ സംബന്ധിച്ചുള്ള പ്രത്യേക വിഷയങ്ങളാണ് പ്രതിപാദ്യം. ഇവയോരോന്നും രസകരമായ വിധത്തിൽ ആണ് ശ്രീ. നാരായണൻ കൈകാര്യം ചെയ്തിട്ടുള്ളത്. ഈ വിഷയത്തെ സംബന്ധിച്ച് സാമാന്യം നല്ല വിവരം ലഭിക്കുന്നതിന് ഈ പുസ്തകം സഹായിക്കുകയും ചെയ്യും,

മുകളിൽ ചെറുതായി ചർച്ച ചെയ്തിട്ടുള്ള പുസ്തകങ്ങളെ സംബന്ധിച്ച് പൊതുവായി ചില കാര്യങ്ങൾ സൂചിപ്പിക്കുന്നതു് ക്ഷമിക്കുമല്ലോ. ശാസ്ത്രവിഷയങ്ങളെപ്പററി സാമാന്യം നല്ല വിജ്ഞാനം നൽകുന്നതിന് ഉപയോഗപ്പെടുന്ന ഇത്തരം ഗ്രന്ഥങ്ങൾ നമ്മുടെ വായനശാലകളിൽ സംഭരിക്കേണ്ടതാണ്. സംഭരിച്ചാൽ മാത്രംപോരാ അത്തരം പുസ്തകങ്ങളിലേക്ക് സാധാരണ വായനക്കാരെ പ്രേരിപ്പിച്ച് പ്രവേശിപ്പിക്കുന്നതിന് ശ്രമിക്കുകകൂടി വേണം. കാരണം മറെറാന്നുമല്ല, പുസ്തകപാരായണപ്രിയരായ ആളുകൾ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു് പ്രത്യേക ഉദ്ദേശങ്ങളൊന്നും വച്ചുകൊണ്ടല്ല. പുസ്തകങ്ങളുടെ കുറവല്ല നല്ലതു തിരഞ്ഞെടുക്കുവാനാണ് ഇന്നു പ്രയാസം. അച്ചടിച്ച് അത്രയധികം പുറത്തുവരുന്നുണ്ട്. അച്ചടിച്ച് പുറത്തുവരുന്നവയിൽ നല്ലതുവേണം വായിക്കാനെടുക്കുവാൻ. അതിന് വായനശാലാധികാരികൾക്കു് സാധാരണക്കാരെ സഹായിക്കാൻ സാധിക്കും. അതിനാൽ വായനശാലക്കാർ ഇത്തരം ഗ്രന്ഥങ്ങൾ അലമാരികളിൽ അടുക്കിവച്ചുകഴിഞ്ഞാൽ ജോലി തീർന്നെന്നു വിചാരിക്കരുതു്. ഓരോ വായനക്കാരനും അവ വായിച്ചു മനസ്സിലാക്കുവാൻ വേണ്ട പ്രേരണയും നൽകേണ്ടതാണ്. 'രോഗാണുഗവേഷകന്മാരും' 'നിങ്ങളുടെ കുട്ടി'യും പ്രത്യേകിച്ച് ഇതിന് ശുപാർശ ചെയ്യാൻ മടിക്കേണ്ടതില്ല.